ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE:11.08.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. യുപിഐ ഉപഭോക്താക്കൾക്ക് മേൽ നികുതിയോ ഇടപാടുകൾക്കു നിരക്കോ ചുമത്തുന്നില്ലെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **No tax or transaction charges are imposed on UPI users, clarifies Union Finance Minister Nirmala Sitharaman.**

2. ഇ-വീസയുള്ള വിദേശ പൗരന്മാർക്ക് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിനായി പതിനൊന്ന് അന്താരാഷ്ട്ര പോർട്ടുകൾ വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ.

   **The Government has notified eleven more International Ports, enabling E-visa holder foreigners to enter India.**

3. ഇന്ത്യൻ-യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന എട്ടാമത് സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം കൊച്ചിയിൽ പുരോഗമിക്കുന്നു.

   **The Indian Navy-US Navy Explosive Ordnance Disposal Exercise 2026 underway in Kochi.**

4. മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് കൃഷി-സഹകരണ വകുപ്പുകൾ വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും.

   **A meeting of bank representatives called by the Agriculture and Cooperation departments will be held in Thiruvananthapuram today to discuss the crop damage caused by heavy rains.**

5. കൊളംബിയയിൽ ഉണ്ടായ അതിശക്തമായ ഭൂകമ്പത്തിൽ മരണ സംഖ്യ 132 ആയി.

The death toll from the massive earthquake that struck Colombia has risen to 132.

6. അണ്ടർ-23 കോമൺവെൽത്ത് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ആദ്യ ദിനം 17 മെഡലുകളുമായി ഇന്ത്യയുടെ മുന്നേറ്റം.

India continues its strong lead at the Under-23 Commonwealth Fencing Championship, clinching 17 medals on the very first day.

*************************************************

## PARLIAMENT (INTRO)

നികുതിയും നിയമങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള 'ടാക്സേഷൻ ആൻഡ് അദർ ലോസ് അമൻഡ്മെന്റ് ബിൽ 2026' പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ പാസാക്കിയ ബിൽ, രാജ്യസഭ ഇന്നലെ ചർച്ചകൾക്ക് ശേഷം തിരിച്ചയച്ചതോടെയാണ് നിയമനിർമ്മാണ പ്രക്രിയ പൂർത്തിയായത്. രാജ്യത്തെ ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തുക, കൂടുതൽ നിക്ഷേപം ആകർഷിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യമെന്ന് ചർച്ചയ്ക്ക് മറുപടി നൽകിയ ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി. യുപിഐ ഉപഭോക്താക്കൾക്കു മേൽ നികുതിയോ ഇടപാടുകൾക്കു നിരക്കോ ചുമത്തുന്നില്ലെന്നും കേന്ദ്ര മന്ത്രി അറിയിച്ചു.

(വോയ്സ്....)

***************************************

## EVE. RIJIJU DISCUSSION (INTRO)

വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് പാർലമെന്റിൽ വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സന്നദ്ധനാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്........)

*************************************

## HOME AFFAIRS-PORTS

ഇ-വീസയുള്ള വിദേശ പൗരന്മാർക്ക് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിനായി പതിനൊന്ന് അന്താരാഷ്ട്ര പോർട്ടുകൾ വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. ഇതിൽ ഭോപ്പാൽ, തിരുപ്പതി വിമാനത്താവളങ്ങളും അട്ടാരി, അഗർത്തല ലാൻഡ് പോർട്ടുകളും ഉൾപ്പെടുന്നു. ഇതോടെ, ഇ-വീസയുള്ള വിദേശികൾക്ക് പ്രവേശനാനുമതിയുള്ള അന്താരാഷ്ട്ര പോർട്ടുകളുടെ എണ്ണം 88 ആയി ഉയർന്നു. 37 വിമാനത്താവളങ്ങളും 38 തുറമുഖങ്ങളും 13 അതിർത്തി പ്രവേശന കവാടങ്ങളും ഇതിലുൾപ്പെടുന്നു.

*************************************

## JAISHANKAR - BIMAL PATEL

അന്താരഷ്ട്ര സമുദ്ര ട്രിബ്യൂണലിന്റെ ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ട ബിമൽ എൻ പട്ടേലിനെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ സന്ദർശിച്ചു. സമുദ്രവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങൾക്കും തീർപ്പു കൽപ്പിക്കുന്ന ഇന്റർനാഷണൽ ട്രൈബ്യൂണൽ ഓഫ് ലോ ഓഫ് ദി സീയുടെ ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ടതിന് ശ്രീ പട്ടേലിനെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. 2035 വരെയുള്ള അദ്ദേഹത്തിന്റെ സേവന കാലാവധി വിജയകരമാകട്ടെയെന്ന് കേന്ദ്രമന്ത്രി ആശംസിച്ചു.

*************************************

## INDEPENDENCE DAY

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ യുവശക്തിക്കും വികസിത ഭാരതത്തിനായുള്ള യുവജന സംഭാവനകൾക്കും

പ്രാധാന്യം നൽകുമെന്ന് പ്രതിരോധ മന്ത്രാലയം. ദേശീയഗീതമായ വന്ദേമാതരത്തിന്റെ 150 ആം വാർഷികത്തിന്റെ സ്മരണ ഉണർത്തുന്ന വിധത്തിലായിരിക്കും ഇക്കുറി സ്വാതന്ത്ര്യ ദിനാഘോഷങ്ങളെന്നും പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങ് അറിയിച്ചു. ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആഘോഷങ്ങൾക്ക് നേതൃത്വം നൽകും. ദേശീയ പതാക ഉയർത്തിയ ശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും. ചുവപ്പ്കോട്ടയിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കും.

***************************************

## JK HAR GHAR TIRANGA

ഹർ ഘർ തിരംഗ പരിപാടിയിൽ പങ്കെടുക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഭാരതത്തിനായി സംഭാവന ചെയ്യുമെന്ന് ഒരിക്കൽക്കൂടി പ്രതിജ്ഞ ചെയ്യാനും അദ്ദേഹം അഭ്യർത്ഥിച്ചു. രാജ്യം 80-ആം സ്വാതന്ത്ര്യദിനം ആഘോഷിക്കാനിരിക്കേ, ഹർഘർ തിരംഗ പരിപാടിക്ക് മികച്ച സ്വീകരണമാണ് ലഭിക്കുന്നത്. തിരംഗയാത്രകളും, ദേശസ്നേഹമുണർത്തുന്ന പരിപാടികളും വിവിധ സംസ്ഥാനങ്ങളിൽ തുടരുകയാണ്.

***************************************

## JADHAV - YOGA AND NATUROPATHY

യോഗയും പ്രകൃതിചികിത്സയും ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കണമെന്ന് കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ്റാവു ജാദവ്. ന്യൂഡൽഹിയിൽ ആയുഷ് മന്ത്രാലയത്തിന്റെ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അഞ്ചാമത് യോഗത്തിന് അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. രോഗപ്രതിരോധം, ആരോഗ്യ സംരക്ഷണം,

ജീവിതശൈലി പരിഷ്കരണം, പുനരധിവാസം, ക്ഷേമം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും ശ്രീ ജാദവ് പറഞ്ഞു.

*************************************

## SHIVRAJ CHOUHAN-ICAR (INTRO)

രാജ്യത്തുടനീളമുള്ള കാർഷിക വിദ്യാർത്ഥികൾക്കായി ദേശീയ സ്കോളർഷിപ്പ് പോർട്ടൽ വഴി സ്കോളർഷിപ്പ്, ഫെലോഷിപ്പ് ഫണ്ടുകൾ വിതരണം ചെയ്ത് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഈ സംരംഭത്തിന് കീഴിൽ, 6,000-ത്തിലധികം വിദ്യാർത്ഥികൾക്ക് 21.35 കോടി രൂപയാണ് ലഭിച്ചത്. കാർഷിക മേഖലയുടെ വികസനത്തിന് പ്രായോഗിക പരിശീലനം അത്യാവശ്യമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. കാർഷികവിദ്യാർത്ഥികൾക്ക് ഇനിമുതൽ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റ പദ്ധതി വഴി സമയബന്ധിതമായി പ്രതിമാസം സ്കോളർഷിപ്പ് ലഭിക്കുമെന്നും ഇത് കാർഷിക വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുമെന്നും ശ്രീ ശിവരാജ് സിങ് പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

*************************************

## INDIA - US - NAVY EOD EXERCISE

ഇന്ത്യൻ-യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന എട്ടാമത് സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിൽ പുരോഗമിക്കുന്നു. ഇരു നാവികസേനകളുടെയും സ്പെഷ്യലിസ്റ്റ് ഡൈവിംഗ്, ഇ.ഒ.ഡി സംഘങ്ങളാണ് ഉഭയകക്ഷി അഭ്യാസത്തിലുള്ളത്. ഇന്നലെ രാവിലേ ആണ് കൊച്ചിയിൽ അഞ്ചു ദിന അഭ്യാസപ്രകടനത്തിനു തുടക്കമായത്. അഭ്യാസപ്രകടനം വെള്ളിയാഴ്ച സമാപിക്കും.

*************************************

## AGRI MEET

മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് കൃഷി-സഹകരണ വകുപ്പുകൾ വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. നിയമസഭയിൽ ചേരുന്ന യോഗത്തിൽ കൃഷി മന്ത്രി ടി. സിദ്ദിഖ്, മന്ത്രി എം. ലിജു എന്നിവർ പങ്കെടുക്കും. കർഷകരെ സംരക്ഷിക്കാനുള്ള നടപടികൾ, കർഷകർക്ക് പുനഃകൃഷി നടത്തുന്നതിനായി പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കൽ ഉൾപ്പെടെയുള്ളവ ചർച്ച ചെയ്യും.

*************************************

## KTM - KUTTANAD - HOLIDAY

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ച് ജില്ല കളക്ടർ. മുൻകൂട്ടി നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് മാറ്റമില്ല. കോട്ടയം ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. അതേസമയം സംസ്ഥാനത്ത് മഴയ്ക്ക് ശമനമായിട്ടുണ്ട്. എന്നാൽ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, എറണാകുളം തീരങ്ങളിൽ ഇന്ന് രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്.

*************************************

## KARKIDAKA VAVU

സംസ്ഥാനത്ത് കർക്കടക വാവ് ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. നാളെയാണ് കർക്കടക വാവ്. പ്രധാന ക്ഷേത്രങ്ങളിലെല്ലാം ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. വാവുബലിയോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി വിപുലമായ ഗതാഗത ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. കൊച്ചി മെട്രോയും സർവീസ്

സമയം ദീർഘിപ്പിച്ചു. ഇന്ന് തൃപ്പൂണിത്തുറയിൽ നിന്നും ആലുവയിലേക്ക് രാത്രി 11:15 നും 11.30 നും സർവീസ് ഉണ്ടായിരിക്കും. നാളെ പുലർച്ചെ ആലുവയിൽ നിന്നും 5 നും 5.30 നും തൃപ്പൂണിത്തുറലേക്ക് സർവീസ് ഉണ്ടായിരിക്കും. അതേസമയം ബലി തർപ്പണത്തോടനോടനുബന്ധിച്ച് നാളെ ഒരുമണി മുതൽ പകൽ രണ്ടുവരെ ആലുവ ടൗണിലും പരിസരങ്ങളിലും ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**************************************

## COLOMBIA EARTHQUAKE

കൊളംബിയയിൽ ഉണ്ടായ അതിശക്തമായ ഭൂകമ്പത്തിൽ മരണ സംഖ്യ 132 ആയി. 570-ലേറെ പേർക്ക് പരിക്കേറ്റു. 7.4 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ ഒട്ടേറെ കെട്ടിടങ്ങൾക്കും സാരമായ കേടുപാടുകൾ സംഭവിച്ചു. തലസ്ഥാനമായ ബൊഗോട്ടയിൽ നിന്ന് ഏകദേശം 400 കിലോമീറ്റർ പടിഞ്ഞാറാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. ഇക്വഡോറിലം പനാമയിലും പ്രകമ്പനം അനുഭവപ്പെട്ടു.

**************************************

## U-23 FENCING CHAMPIONSHIP

നൈജീരിയയിലെ ലാഗോസിൽ ആരംഭിച്ച അണ്ടർ-23 കോമൺവെൽത്ത് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ മെഡൽ കൊയ്ത്തുമായി ഇന്ത്യ. 4 സ്വർണവും, 4 വെള്ളിയും, 9 വെങ്കലവുമടക്കം ആകെ 17 മെഡലുകളാണ് ചാമ്പ്യൻഷിപ്പിന്റെ ആദ്യ ദിനത്തിൽ ഇന്ത്യ കരസ്ഥമാക്കിയത്. മൂന്ന് ഇനങ്ങളിലായി നടന്ന ആറ് വ്യക്തിഗത മത്സരങ്ങളിലും ഇന്ത്യൻ താരങ്ങൾ രാജ്യത്തിന്റെ അഭിമാനമുയർത്തി.

*
********************
*******************************************